# അകാദമിക മാസ്റ്റർപ്ലാൻ

## മീത്തലെപുന്നാട് യു. പി. സ്കൂൾ






















W
E
L
C










# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര്: മീത്തലെ പുന്നാട് യു. പി. സ്കൂൾ

വിലാസം : മീത്തലെ പുന്നാട് യു.പി. സ്കൂൾ. പുന്നാട്
പുന്നാട് (പി. ഒ.), പിൻ - 670703

സ്കൂൾ കോഡ് : **14861**

ഫോൺ : 04902433744

വിദ്യാഭ്യാസ ജില്ല : തലശ്ശേരി

റവന്യൂ ജില്ല : കണ്ണൂർ

ബി ആർ ഡി : ഇരിട്ടി

ബ്ലോക്ക് : ഇരിട്ടി

മുനിസിപാലിറ്റി : ഇരിട്ടി

ഇ- മെയിൽ : meethalepunnadupschool@gmail.com

ഫെയ്സ് ബുക്ക് : മീത്തലെ പുന്നാട് യു പി സ്കൂൾ

ക്ലാസ്സുകൾ : 1 മുതൽ 7 വരെ (UP)

പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

# ആമുഖം

കണ്ണൂർ ജില്ലയുടെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഇരിട്ടി മുനിസിപ്പാലിറ്റിയിലാണ് മീത്തലെ പുന്നാട് യൂ. പി. സ്കൂൾ. പാഠ്യ പാഠ്യേതര രംഗത്ത് ജില്ലയിൽ തന്നെ മാതൃകയായി നില കൊള്ളുന സ്കൂൾളാണിത്. ജില്ലാ, ഉപജില്ലാ തലങ്ങളിൽ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു. ശാസ്ത്ര ഗണിതശാത്ര മേഘലകളിൽ മികച്ച വിജയം നിലനിർത്താൻ കഴിയുന്നു എന്നുള്ളത് മറ്റൊരു എടുത്തു പറയേണ്ട കാര്യമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം എല്ലാവരെയും പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശനങ്ങളിൽ ഫലപ്രദമായ കൌസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്ത് മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരയ്മയുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യലയസംരക്ഷണ യജ്ഞത്തിന്റെ അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ യുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ ജനപ്രതിനിധികൾ . മിനിസിപ്പാലിറ്റി തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയായ ജൈവസംമ്പന്നതയിൽ ആലന്കൃതമായ സ്കൂൾ ക്യാമ്പസ് ശിശുസൌഹൃതമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിൻ്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ പാഠസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

# സ്കൂളിൻറെ ചരിത്രം

പാട്യത്തെ മലയ്ക്കിപ്പുറം പൊന്നു വിളയുന്ന വയലുകൾ നിറഞ്ഞ പ്രദേശമായിരുന്നു ഒരുകാലത്ത് പുന്നാട് എന്ന മനോഹരമായ ഗ്രാമം. ആ വയലുകൾ അത്തപൂഞ്ചവരെ നീണ്ടതായിരുന്നു പൊന്നുവിളയുന്ന നാടെന്ന ഖ്യാതിയിൽ പൊന്നാട് പിന്നീട് പുന്നാടായി പരിണമിച്ചു എന്നാണ് പഴമക്കാർ പറയുന്നത് കൂടാതെ ഒരുകാലത്ത് ഇവിടെ പുന്നമരങ്ങൾ നിറഞ്ഞുനിന്നിരുന്ന പ്രദേശമായിരുന്നതിനാലാണ് പുന്നാട് എന്ന പേരുണ്ടായത് എന്ന് മറ്റൊരു പക്ഷവുമുണ്ട് വൈവിധ്യമാർന്ന സമ്പൽസമൃദ്ധമായ ഒരു കാർഷിക സംസ്കാരമാണ് ഒരു കാലത്ത് പുന്നാടിനെ നയിച്ചിരുന്നത് ഏതായാലും പുന്നാട് നിന്ന് ഏകദേശം രണ്ട് കിലോമീറ്റർ കിഴക്കോട്ടുള്ള മിത്തലെ പുന്നാട് കാലത്തിന്റെ കുത്തൊഴുക്കിൽ പഴയ പ്രതാപം നഷ്ടപ്പെട്ടു എന്നതിൽ സംശയമില്ല എങ്കിലും പുന്നാടിന്റെ തനിമ നിലനിർത്തിക്കൊണ്ട് ഒരു നൂറ്റാണ്ടിനിപ്പുറമായി പ്രശോഭിച്ചിരിക്കുന്ന ഒരു വിദ്യാലയമാണ് മീത്തലെ പുന്നാട് യൂപി സ്കൂൾ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ അനിവാര്യമാണെങ്കിലും ചരിത്രത്തിന്റെ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട വസ്തുതകളാണ് നമ്മുടെ വിദ്യാലയത്തിന് പറയാനുള്ളത്.

പുന്നാട് ഗ്രാമത്തിന്റെയും മീത്തലെ പുന്നാട് യൂപി സ്കൂളിന്റെയും പുരോഗതിയുടെ ചരിത്രം പരിശോധിച്ചാൽ ഗണനീയമായ സ്ഥാനം ലഭിക്കുന്ന ആചാര്യ ശ്രേഷ്ഠനാണ് പരേതനായ ശ്രീ പി.പി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ ജ്ഞാനത്തിന്റെ അമൃതധാരയെ പുന്നാടിന്റെ ജനതയിലേക്ക് പകർന്നു നൽകിയ ആചാര്യപുംഗവനാണ് അദ്ദേഹം അനീതിയോട് പടപൊരുതി അദ്ദേഹം നടത്തിയ മുന്നേറ്റം നമ്മുടെ ഗ്രാമീണ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമാണ് സവർണ്ണ മേധാവിത്വം കൊടികുത്തി വാണിരുന്ന സമൂഹത്തിൽ അടിച്ചമർത്തലുകളെ അതിജീവിച്ചു കൊണ്ടാണ് അദ്ദേഹം വിജയം കൈവരിച്ചത്. സംസ്കൃത ഭാഷയിൽ അഗാധ പാണ്ഡിത്യവും അതിലുപരി ജ്യോതിഷിയും ആയിരുന്ന ശ്രീ.പി.പി കുഞ്ഞിക്കണ്ണൻ ഗുരുക്കളാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ

മിത്തലെപുന്നാട് ലോവർ പ്രൈമറി സ്കൂൾ 1920 ൽ ആണ് നിലവിൽ വന്നത് അതിനുമുമ്പ് ഏതാണ്ട് അഞ്ച് വർഷക്കാലം നാട്ടുവായന എന്ന പേരിൽ രയരോത്ത് കരുണാകരൻ നമ്പ്യാരുടെ ഭവനത്തിലും അതിനുശേഷം നെല്ലാച്ചേരി തറവാട്ടുകാരണവർ ആയിരുന്ന കോരൻ നമ്പ്യാർ സൗജന്യമായി നൽകിയ മഠംപറമ്പ് എന്ന സ്ഥലത്തും 'കുടിപ്പള്ളിക്കൂടം തുടങ്ങി പിന്നിട് പരേതനായ ശ്രീ പുതുശ്ശേരി ചന്തുനമ്പ്യാർ, എം.കെ കണ്ണൻ നമ്പ്യാർ കെ.പി. കേളുനമ്പ്യാർ തുടങ്ങിയ പ്രമുഖരുടെ സ്ഥലങ്ങളിലും സ്കൂൾ മാറ്റേണ്ടി വന്നിട്ടുണ്ട്

1920ൽ അംഗീകാരം ലഭിക്കുമ്പോൾ മാനേജർ പി.പി.കുഞ്ഞിക്കണ്ണൻ ഗുരുക്കളും. പ്രധാനഅദ്ധ്യാപകൻ കെ.പി.കേളുനമ്പ്യാരും ആയിരുന്നു വൈകാതെ തന്നെ ശ്രീ.നാൽപ്പാടി കണ്ണൻ എന്നവരുടെ സ്ഥലത്ത് പ്രി കെ ഇ ആർ പ്രകാരം ആദ്യത്തെ സ്കൂൾ കെട്ടിടം പണി ആരംഭിച്ചു. ലോവർ പ്രൈമറി ആയിരുന്ന വിദ്യാലയം പിന്നീട് യുപി സ്കൂളായി ഉയർത്തുന്നതിനുള്ള പരിശ്രമം ആരംഭിച്ചു അന്നത്തെ പ്രധാന അദ്ധ്യാപകൻ പരേതനായ ശ്രീ എം നാരായണൻ നമ്പ്യാർ ആയിരുന്നു. 1957ൽ ഇ.എം.എസ് മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ.ജോസഫ് മുണ്ടശ്ശേരി യൂപി സ്കൂളായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് നൽകുകയും ചെയ്തു. പരേതനായ ശ്രീ പുത്തൻവീട്ടിൽ ബാലൻനമ്പ്യാർ ഇതിനുവേണ്ടി വളരെയധികം പരിശ്രമിച്ചിരുന്നു എന്ന് ആനുഷാംഗികമായി ഇവിടെ സൂചിപ്പിക്കുകയാണ്.

## മീത്തലെ പുന്നാട് യു.പി സ്കൂൾ ഇന്ന്

2019-20 കാലഘട്ടത്തിൽ വിദ്യാലയത്തിന്റെ ശതവാർഷികത്തോടനുബന്ധിച്ച് സ്കൂൾഓഡിറ്റോറിയവും, രണ്ട് നില കോൺക്രീറ്റ് കെട്ടിടത്തിൽ ടൈൽ ചെയ്ത സ്മാർട്ട് ക്ലാസ്സ് റൂമുകളും ഒരുക്കി സ്കൂൾ കെട്ടിടത്തിന്റെ ചുറ്റുമുള്ള വരാന്തയുടെ മേൽക്കൂര മുഴുവൻ ഷീറ്റ് ഇട്ട് മെച്ചപ്പെടുത്തി പ്രൈമറി വിഭാഗം കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധയാകർഷിക്കാനും, ശിശു സൗഹൃദ അന്തരിക്ഷം സൃഷ്ടിക്കാനും മുൻസിപ്പാലിറ്റി ഗ്രാന്റ് ഉപയോഗിച്ച് ക്ലാസ് മുറികൾ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കൊണ്ട് മനോഹരമാക്കി. 1 മുതൽ 4 വരെ ക്ലാസ് മുറികൾ ഒന്നാന്തരമാക്കി പ്രി പ്രൈമറി വിഭാഗവും മെച്ചപ്പെടുത്തി.

### ജൈവവൈവിധ്യ പാർക്ക്

വിദ്യാലയാരംഭകാലം മുതൽക്കേ ജൈവവൈവിധ്യത്തിന് നല്ല പ്രാധാന്യം കൊടുത്തു വന്നിരുന്നു നാനാതരത്തിലുള്ള തണൽ വൃക്ഷങ്ങളും പൂക്കൾ നിറഞ്ഞുനിൽക്കുന്ന പൂന്തോട്ടങ്ങളും, ഔഷധസസ്യങ്ങളും, പച്ചക്കറി തോട്ടങ്ങളും, താമരക്കുളവും അലങ്കരിക്കുന്ന നല്ല ഒരു വിദ്യാലയ അന്തരീക്ഷമാണ് നിലവിലുള്ളത് സ്കൂൾ ഗ്രാന്റ് ഉപയോഗിച്ച് പച്ചപരവതാനി വിരിച്ചതുപോലുള്ള പുൽതകിടികൾ കൊണ്ട് മനോഹരമാക്കിയ ജൈവവൈവിധ്യ പാർക്ക് പൊലിമ നഷ്ടപ്പെടാതെ ഇന്നും കാത്തുസൂക്ഷിക്കുന്നുണ്ട്.

### എൻഡോവ്മെന്റ്

പ്രമുഖ വ്യക്തികളുടെ സ്മരണാർത്ഥം അവരുടെ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ എൻഡോവ്മെന്റുകൾ മുൻകാലം മുതൽക്കേ നൽകിവരുന്നു പ്രശസ്ത സ്വാതന്ത്ര്യസമര സേനാനിയും ഗാന്ധിയനുമായ ശ്രീ അപ്പനായർ, ശ്രീ പി കെ മാധവൻ വൈദ്യർ, പ്രശസ്ത കളമെഴുത്ത് കലാകാരൻ കോട്ടാത്ത് കൃഷ്ണൻനമ്പ്യാർ, കീഴൂർ വാഴുന്നവേഴ്സ് യൂപി സ്കൂൾ അധ്യാപകൻ, പരേതനായ ശ്രീ.പി.വി ദാമോദരൻ മാസ്റ്റർ, കൂടാതെ നമ്മുടെ വിദ്യാലയത്തിൽ നിന്നും വിരമിച്ച അധ്യാപകരും, കലയിലും വിവിധ വിഷയങ്ങളിലും മികവ് പുലർത്തുന്നവർക്ക് എൻഡോവ്മെന്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു.

### വിദ്യാലയം നടപ്പ് അധ്യയനവർഷത്തിൽ

2019 മുതൽ ശ്രീമതി സി കെ അനിത ടിച്ചറാണ് പ്രധാന അദ്ധ്യാപികയായി ചുമതല വഹിക്കുന്നത്. അരുൺപിപി, രൂപ പിപി, ഷെമില കെ, സുരേഷ് കുമാർ പി.പി. രശ്മി വിജയൻ, ഹണിമോൾ കെ. ജിഷ.കെ കെ,. ഐശ്വര്യ പി, നിധിന എ, മൃദുല.എ, രജിന.എൻ, ദിജു സി.പി, ചാതുര്യ പി.പി, അപർണ സി, അനൂപ ആർ, മായ കെ, ഭരത് സൂര്യൻ ആർ, ആതിരദാസ് എം, തിർത്ഥാപ്രദീപ്, അഭിജിത്ത്, രജിത.പി.വി, രേഷ്മ.എൻ.വി, എന്നീ സഹ അധ്യാപകരും, ഓഫീസ് അറ്റൻറ്ററായി രാജേഷ്.പി.എം, ഉം, പ്രി പ്രൈമറി വിഭാഗത്തിൽ സഹായികളായി നിഖിലടി സ്മിത സി.പി, എന്നിവരും നിലവിൽ പ്രവർത്തിച്ചുവരുന്നു. " പ്രി പ്രൈമറി ഉൾപ്പെടെ 20 ക്ലാസുകളിലായി 600ൽ പരം കുട്ടികൾ അധ്യയനം നടത്തുന്നു. എൽ പി ക്ലാസ്സുകളിൽ രണ്ട് ഡിവിഷനുകൾ വിതവും യുപി ക്ലാസ്സുകളിൽ 5, 7 ക്ലാസുകൾ മൂന്നു ഡിവിഷനുകളും ആറാംതരത്തിൽ നാലു ഡിവിഷനുകളുമായി ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസുകൾ നടന്നുവരുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന പി.ടി.എ, എം.പി.ടി.എ എന്നിവ വിദ്യാലയത്തിൻ്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് സർവ്വവിധ പ്രോത്സാഹനവും നൽകിവരുന്നു. സുദിവൻ.സി.വി, പി.ടി.എ പ്രസിഡണ്ടും, പ്രസീത.പി.എ എംപിടിഎ പ്രസിഡണ്ടുമാണ്. ഭൗതിക സാഹചര്യങ്ങൾ ക്രമമായി മെച്ചപ്പെടുത്തുന്നതിൽ മാനേജ്മെന്റ് പ്രത്യേക നിഷ്കർഷ പുലർത്തിവരുന്നു.

2017-18 കാലയളവിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വികസന സെമിനാർ സംഘടിപ്പിച്ചു കൂടാതെ ലൈബ്രറി ശാക്തീകരണം തിരികെ തിരുമുറ്റത്തേക്ക് എന്നീ പരിപാടികളും ശ്രദ്ധേയമായി കുട്ടികളുടെ പൊതുവിജ്ഞാന സഹായത്തിനായി മധുരം മലയാളം പദ്ധതിയുടെ ഭാഗമായി ക്ലാസ് തലത്തിൽ പത്രങ്ങൾ വിതരണം ചെയ്യതു വരുന്നു. കൂടാതെ മികച്ച ലൈബ്രറി ക്ലാസ് സ്ഥലത്തിലും

സ്കൂൾതലത്തിലും ഒരുക്കിയിട്ടുണ്ട്. ഐ ടി. പഠനത്തിനായി വിപുലമായ ലാബും അതോടൊപ്പം ഗണിതശാസ്ത്ര വിജ്ഞാനത്തിന് ഗണിതശാസ്ത്ര ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി 10 ലാപ് ടോപ്പും, 4 പ്രൊജക്ടറും സ്കൂളിന് ലഭ്യമായിട്ടുണ്ട്. കുട്ടികളുടെ കായിക വിനോദങ്ങൾക്ക് വേണ്ടി ധാരാളം കളി ഉപകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

അസംബ്ലിയോട് കൂടി 10 മണിക്ക് ക്ലാസുകൾ ആരംഭിക്കുന്നു. എല്ലാ ഭാഗത്തേക്കുമുള്ള വാഹന സൗകര്യവുമുണ്ട് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സബ് ജില്ലാ, ജില്ലാതല മത്സരങ്ങളിൽ മികച്ച വിജയവും മുന്നേറ്റവും വിദ്യാലയം കാഴ്ചവയ്ക്കുന്നുണ്ട്. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തിവരുന്നു. കുട്ടികൾക്ക് പോഷകപ്രദമായ ഭക്ഷണം നൽകുന്നതിൽ ഉച്ചഭക്ഷണ കമ്മിറ്റി പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നു. അഡ്വക്കേറ്റ് സണ്ണി ജോസഫ് എം.എൽ.എയുടെ സഹായനിധിയിൽ നിന്നും ലഭിച്ച തുകയാൽ നിർമിച്ച മികച്ച ഒരു പാചകപ്പുരയും ഉണ്ട്. അധ്യാപക രക്ഷാകർതൃ ബന്ധം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്നതിൽ അധ്യാപകരുടെ പങ്ക് പ്രശംസനീയമാണ്. അതോടൊപ്പം തന്നെ മാതൃകാപരമായ രീതിയിലുള്ള ഗുരു ശിഷ്യ ബന്ധവും നിലനില്ക്കുന്നു.

---

2020 വിദ്യാലയം നൂറാം വർഷത്തിലേക്ക് കടക്കുകയുണ്ടായി അതിനോട് അനുബന്ധിച്ച് ധാരാളം പരിപാടികൾ ആസൂത്രണം ചെയ്തു വിളംബര റാലി. സമൂഹ ചിത്രരചന. നാടൻ പലഹാരമേള ഗുരു സംഗമം, മെഗാ തിരുവാതിര, പൂർവ്വവിദ്യാർത്ഥി സംഗമം എന്നിങ്ങനെ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. ജനപങ്കാളിത്തം പൊലിമകൊണ്ടും കൊണ്ടും പരിപാടികളെല്ലാം ശ്രദ്ധേയമായിരുന്നു. ജനപ്രതിനിധികളും, മുൻ അധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് ആഘോഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പ്രവർത്തനങ്ങളെ കൊറോണ 19 വിപുലമായി എന്ന മഹാമാരി. നൂറാം വാർഷിക ആഘോഷച്ചടങ്ങുകളുടെ പരിസമാപ്തി പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിച്ച് പരിപാടികൾ പൂർണമായും നിർത്തലാക്കേണ്ടിവന്നത് ഏവർക്കും അതിയായ പ്രയാസമുണ്ടാക്കി യിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്.

**ഉപസംഹാരം**

നമ്മുടെ വിദ്യാലയം ഇനിയുമേറെ മുന്നേറേണ്ടതായിട്ടുണ്ട്. ഒരു നൂറ്റാണ്ട് പിന്നിട്ട വിദ്യാലയം അടിസ്ഥാനസൗകര്യങ്ങളാൽ ഇനിയും മെച്ചപ്പെടാൻ ഉണ്ട്. നമ്മുടെ നാടിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ഏറെ പ്രാധാന്യത്തോടെ നിലകൊള്ളുന്ന ഈ സരസ്വതീക്ഷേത്രത്തിന്, പുതിയ കാലഘട്ടത്തിനൊത്ത് പുതിയ പാഠ്യപദ്ധതിയുമായി പഠനാനുഭവങ്ങൾ ആസ്വദിച്ച് കുട്ടികളെ പൂമ്പാറ്റകളെ പോലെ വർണ്ണാഭമായ ചിറകുകൾ വിടർത്തി അതിരുകളില്ലാത്ത ആകാശത്തോളം ഉയരങ്ങളിലേക്ക് എത്തിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. സമൂഹം കൂടി കൈകോർത്താലേ ആ ലക്ഷ്യപ്രാപ്തി സാധ്യമാകൂ. മുൻകാല ഗുരുനാഥന്മാരുടെ അർപ്പണ മനോഭാവവും, അവരുടെ ത്യാഗ ശീലവും സഹനവും നമുക്ക് മുന്നോട്ടു കുതിക്കാനുള്ള ശക്തി നൽകുന്നു. ഏകാത്മഭാവം ഉൾക്കൊണ്ട് നമ്മുടെ വിദ്യാലയത്തെ നാടിന്റെ നവോത്ഥാനത്തിന്റെ സുവർണ്ണ മകുടമായി ഉയർന്നു കാണാൻ സാധിക്കും എന്ന പ്രതിക്ഷയോടെ നമ്മൾ യാത്ര തുടരുകയാണ്.

# അക്കാദമികനേട്ടങ്ങൾ

- ശാസ്ത്ര ഗണിത-ശാസ്ത്ര മേളകളിലും കലാ കായിക മേളകളിലും മികവാർന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.
- LSS USS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതല് കുട്ടികളെ ഇരുത്തി ഉപജില്ലയിൽ തന്നെ ഏറ്റവും കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു.
- ഗണിത ക്വിസ് മത്സരങ്ങളിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്.
- Numats പരീക്ഷയിൽ ഉപജില്ലാതലത്തില് (അർബൻ) ഒന്നും രണ്ടും റാങ്ക് നേടാൻ സാദിച്ചിട്ടുണ്ട്. വിശാല മായ കമ്പ്യൂട്ടർ ലാബ് നമ്മുടെ ഒരു പ്രധാനമായ ഒരു നേട്ടമാണ്.
- അബാകസ് പരിശീലനം നൽകിവരുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണകരമായ പാഠ്യ പ്രവർത്തനങ്ങൾ പാഠ്യേതര ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളയുടെ വാഗ്ദാനങ്ങലാക്കി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ...

# ഭൌതിക നേട്ടങ്ങൾ

- നിലവിൽ 6 ക്ലാസ്സ് മുറികൾ ടൈല് പാകി മോടി പിടിപ്പിച്ചിട്ടുണ്ട്.
- കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.
- ഓരോ ക്ലാസ്സ് മുറികളിലും ലൈബ്രറികൾ ഉണ്ട്.
- 10 ലാപ് ടോപുകളും 6 കമ്പ്യൂട്ടറുകളുമുള്ള ലാബ് സ്കൂളിൻ്റെ മറ്റൊരു ഭൌതിക നേട്ടമാണ്.
- സ്കൂളിന്റെ മുഖ മുദ്രയായ ഓപ്പൺ ഓഡിറ്റോറിയം ഭൌതിക നേട്ടങ്ങളിൽ പ്രധാനമാണ്.
- ആകർഷകമായ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ ഒരുക്കിയിട്ടുണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഭാഷ ശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം
- വായന ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- ലബോറട്ടറി നവീകരണം - ശാസ്ത്രം-ഗണിതം -സോഷ്യൽ സയൻസ്
- പ്രതിഭാ പോഷണ പരിപാടി
- ലൈബ്രറി ശാക്തികരണം
- ജൈവ വൈവിധ്യപാർക്ക് മെച്ചപ്പെടുത്തല്
- സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- പഠന യാത്രകൾ
- പച്ചക്കറിത്തോട്ടം
- അധ്യാപക ശാക്തീകരണം SRG തലം
- കലാ പരിപോഷണം
- കരാട്ടെ പരിശീലനം
- ദിനചരണങ്ങൾ ശക്തിപ്പെടുത്തൽ
- ഫുട്ബോൾ പരിശീലനം

# 2025-2026 വർഷത്തെ

# സ്കൂൾ ഏറ്റെടുത്ത പ്രാവർത്തനങ്ങൾ

| പ്രവത്തനങ്ങൾ | കാലം |
| --- | --- |
| ➢ സാമൂഹ്യ ശാസ്ത്ര ക്ലബിൻ്റെ ആഭിമുഖ്യത്തിൽ സൈബര് സുരക്ഷാ ഉദ്യോഗസ്ഥരും ട്രാഫിക് പോലീസിയൻ്റെയും സഹായത്തോടെ കുട്ടികളും രക്ഷിതാകൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നിവിഷയങ്ങളിൽ ബോധവൽകരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂലൈ |
| ➢ LSS, USS പരിശീലനം | ജൂൺ - ജൂലൈ |
| ➢ ഹെൽത്ത് സെൻ്റുകളുടെ സഹായത്തോടെ ഫസ്റ്റ് എയ്ഡ് ടീറ്റ്മെൻ്റ്കൾ ഏവ. അവയുടെ പ്രാധാന്യം എന്ത് എന്ന വിഷയത്തിൽ ബോധവൽകരണ ക്ലാസ് | ജൂലൈ- ജനുവരി |
| ➢ ഔഷധ തോട്ടനിർമ്മാണവും പരിപാലനവും | ജൂൺ - മാർച്ച് |
| ➢ കണ്ണൂർ ജില്ലയിലെ ഗ്രാമ പദങ്ങളും ശൈലികളും ഉൾപ്പെടുത്തി നാട്ടുഭാഷാനിഘണ്ടു | ജൂൺ - മാർച്ച് |
| ➢ പ്രകൃതിയെ അറിയാൻ പഠനയാത്ര | നവംബർ- ഡിസംബർ |
| ➢ ശലഭോദ്യാനം | ഡിസംബർ |
| ➢ ഗണിതോപകരണ ശിൽപ്പശാല | അഗസ്റ്റ് |
| ➢ കൃഷിയിട സന്ദർശനം നാടൻ കളി ഉപകരണ നിർമ്മാണം പലഹാരമേള | സെപ്റ്റംബർ- ഒക്ടോബർ |
| ➢ കുട്ടികളിലെ ഭക്ഷണരീതിയും ആരോഗ്യവും, ചെറുധാന്യങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ഭക്ഷ്യമേള | ജനുവരി |
| ➢ സ്കൂൾ റേഡിയോ | ജൂലൈ |
| ➢ ഒരുദിനം ഒരറിവ് മെഗാക്വിസ് | മാർച്ച് |
| ➢ സംസ്കൃതക്ലബിൻ്റെ നേതൃത്വത്തിൽ രായണ പ്രശനോത്തരി (രക്ഷിതാക്കൾ കുട്ടികൾ) | അഗസ്റ്റ് |
| ➢ പച്ചക്കറിത്തോട്ടം സീഡ് ഉത്പാദനം | ജൂൺ - സെപ്റ്റംബർ |
| ➢ കൃഷിത്തോട്ടം ഉണ്ടാക്കി കാർഷിക പഠനം | ജൂൺ - സെപ്റ്റംബർ |
| ➢ സ്കൂൾ പത്രം തയ്യാറാക്കൽ | ഒക്ടോബർ |
| ➢ ഹരിതകർമസേനഗവുമായി അഭിമുഖം | |
| ➢ രക്ഷിതാക്കൾക്കുള്ള ക്വിസ് | ഡിസംബർ |
| ➢ സഹവാസ ക്യാമ്പ് | ജനുവരി |
| ➢ സ്കൂൾ സൌന്ദര്യവൽകാരണം | ജൂൺ |
| ➢ സ്കൂൾ തിരഞ്ഞെടുപ്പ് | ജൂലൈ |
| ➢ സ്കൂൾ ഫിസിക്കൽ ഫിറ്റ്നെസ്സ് ടെസ്റ്റ് | ജൂൺ |
| ➢ ഫൂട്ട്ബോൾ പരിശീലനം | ജൂൺ- മെയ് |
| ➢ കരാട്ടെ പരിശീലനം | ജൂൺ- മാർച്ച് |
| ➢ അബാക്കസ് പരിശീലനം | ജൂൺ- സെപ്റ്റംബർ |
| ➢<br>➢ പ്രസംഗകളരി | ജൂൺ- മാർച്ച് |
| ➢ സ്പെൽബി കോമ്പറ്റീഷൻ & ബുക്ക് ഫെയർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഒന്നാം തരം

- മലയാളം
- ഗണിതം
- ഇംഗ്ലീഷ്

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ, ബാലസാഹിത്യകൃതികൾ, വായനാകാർഡുകൾ എന്നിവ വായിക്കാൻ പ്രാപ്തരാക്കുക
- അദ്ധ്യാപികയുടെ സഹായത്തോടെ സചിത്ര ബുക്ക് പൂർത്തീകരിക്കുന്നു
- സ്വായത്തമായ അക്ഷരങ്ങൾ ഉപയോഗിച്ച് രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- വായനോത്സവം, രചനോത്സവം എന്നിവയിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുന്നു.
- ലിപി തിരിച്ചറിഞ്ഞ വാക്കുകളും വാക്യങ്ങളും എഴുതി തന്റെ ആശയം പ്രകടിപ്പിക്കുന്നു.
- സംഖ്യകൾ തിരിച്ചറിയാനും സങ്കലന വ്യവകലന ക്രിയകൾ ചെയ്യാനും പ്രാപ്തരാക്കുക

| വിഷയം: മലയാളം | | | | ക്ലാസ്സ്: 1 | |
|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സംഘടന ചുമതല | സാമ്പത്തികം |
| 1 | ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | • കളികളിലൂടെ ചിത്രവായന<br>• വിവിധകരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക<br>• നിറങ്ങൾ നൽകാൻ അവസരമൊരുക്കൽ<br>• സചിത്ര പുസ്തകത്തിന്റെ മുന്നൊരുക്കം | ജൂൺ മാസം | അദ്ധ്യാപിക | |
| 2 | ശ്രവണം | • കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള അവസരമൊരുക്കുക<br>• സ്വായത്തമായ അക്ഷരങ്ങൾ ഉപയോഗിച്ച് സംയുക്ത ഡയറി ആരംഭിക്കുന്നു | ജൂലൈ<br>ആഗസ്ത് | അദ്ധ്യാപിക<br>രക്ഷിതാവ് | |
| 3 | ഭാഷണം | • സ്വന്തം ഭാഷയിൽ ആശയങ്ങൾ പറയാനും അവതരിപ്പിക്കാനുമുള്ള ശേഷി നേടുന്ന പ്രവർത്തനങ്ങൾ നൽകുന്നു<br>• കഥ പറയൽ<br>• വായനോത്സവം സംഘടിപ്പിക്കുന്നു | സെപ്തംബർ<br>ഒക്ടോബർ<br>1 വർഷം | അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 4 | വായന | • ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു, വായിക്കുന്നു<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനു വേണ്ടി പദകാർഡുകൾ, വായന കാർഡുകൾ എന്നിവ നൽകുന്നു<br>• 'എന്റെ വായന' സമ്മാന പുസ്തകം പിറന്നാളിന് ലൈബ്രറിയിൽ നൽകൽ | നവംബർ<br>ഡിസംബർ | അദ്ധ്യാപിക<br>രക്ഷിതാവ് | |
| 5 | ലേഖനം | • ചെറുവിവരങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കുന്നു.<br>• ഉദാ- ആന<br>• വലിയ ആന<br>• കറുത്ത വലിയ ആന<br>• ചിത്രകഥകൾ നോക്കി കുട്ടി എഴുതുന്നു<br>• കൂട്ടുവായന-കുട്ടിക്കൂട്ടങ്ങൾ ചെറുവായന കാർഡുകൾ ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് ചിത്രകഥാവായന നടത്തുന്നു<br>• E-വായന- ICT- സാധ്യത ഉറപ്പാക്കൽ<br>• കുട്ടികൾ തയ്യാറാക്കിയ കഥകൾ, വായന കാർഡ്, കവിത, സചിത്രപുസ്തകം, ഡയറി എന്നിവയുടെ പ്രകാശനം-കുഞ്ഞെഴുത്ത് പ്രകാശനം | ജനുവരി<br>ഫിബ്രുവരി<br>മാർച്ച് | അദ്ധ്യാപിക<br>രക്ഷിതാവ് | |

| വിഷയം: ഗണിതം | | ക്ലാസ്സ്: 1 | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സംഘടന ചുമതല | സാമ്പത്തികം |
| 1 | 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിന് | • സംഖ്യകൾ തിരിച്ചറിയൽ<br>• സംഖ്യ കാർഡ് നിർമ്മിക്കൽ<br>• ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കൽ<br>• സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച സംഖ്യാകാർഡ് | ജൂൺ മാസം<br>ജൂലൈ | അദ്ധ്യാപിക | |
| 2 | 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു | • 1 മുതൽ 20 വരെയുള്ള സംഖ്യാകാർഡ് തിരിച്ചറിയുന്നു<br>• വലിയ സംഖ്യ, ചെറിയ സംഖ്യ<br>• കൂടുതൽ, കുറവ് തിരിച്ചറിയൽ | ആഗസ്ത് | അദ്ധ്യാപിക | |
| 3 | 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടുമെന്ന് കണ്ടെത്തി പറയൽ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ ( 5 + 3 = 8)<br>• ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നൽകൽ (5 - 3 = 2 )<br>• ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന് തിരിച്ചറിയുന്നു | സെപ്റ്റംബർ<br>ഒക്ടോബർ | അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 4 | ഒരക്ക സംഖ്യകൾ കണ്ടെത്താനുള്ള കഴിവ് | • ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | നവംബർ<br>ഡിസംബർ<br>ജനുവരി | അദ്ധ്യാപിക | |
| 5 | ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക | • ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ വർക്ക് ഷീറ്റുകൾ നൽകുക<br>• ഗണിത കിറ്റ് ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു | ഫിബ്രുവരി<br>മാർച്ച് | അദ്ധ്യാപിക | |

**Subject: ENGLISH** **Class: 1**

| Sl No. | AIM | ACTIVITY | DURATION | | |
|---|---|---|---|---|---|
| 1 | To Speak, Read and Write English without any mistake | • Action song<br>• Games<br>• Hello English Activities | June<br>July | Teacher | |
| 2 | Listening Skill | • Picture reading<br>• ICT<br>• English Stories<br>• Identify the naming words from the picture<br>• Action words | August | Teacher | |
| 3 | Speaking Skill | • Develop the creative speaking and writing | September | | |
| 4 | Reading Skill | • Reading Cards<br>• Conversation | October | | |
| 5 | Writing Skill | • Making word web<br>• Picture description with describing words<br>• Add more lines<br>• Make conversation<br>• Reading Book<br>• Reading books used of ICT<br>• Sentence writing | November<br>December<br>January<br>February<br>March | | |

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## മലയാളം

## ക്ലാസ് – 2

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിപ്പ് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള സാധിച്ചിട്ടുണ്ട്. കഴിവുകൾ ഉറപ്പാക്കാൻ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ കൾ പൊതു സമുഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രുപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ
സാമ്പത്തികം
എസ്.എസ്.കെ

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്ക പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോ പകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള പരിപാടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് ക്ലാസ് തയ്യാറാക്കുകയും മുറിയിൽ
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെറെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**
ക്ലാസ് ടീച്ചർ, പ്രധാനധ്യാപകൻ, പിടിഎ
**സാമ്പത്തികം**
എസ്.എസ്.കെ, പിടിഎ

# സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്

## ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര ചെയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ കലാകായിക പ്രവൃത്തി പരിചയം ഉപഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## വിലയിരുത്തൽ

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

### ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്.കെ

### സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശ്രയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക് വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യപ്രസ്താവനകൾ

- ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായവ തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ്സ് തിയേറ്റർ എസ് ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ചി അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ, ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോൽസവത്തിൽ റീഡേഴ്സ് തീയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

- റിഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളെക്കുറിച്ച് എസ്.ആർ.ജി, ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്
- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്ന തിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, സി. പി.ടി.എ.

## സാമ്പത്തികം

എസ്.എസ്.കെ. പി.ടി.എ

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ഗണിതം

## ക്ലാസ് – 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക | പിടിഎ അംഗങ്ങളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കുമുള്ള ഗണിതകിറ്റ് ഉറപ്പാക്കുന്നു. (വീട്ടിലും സ്കൂളിലും). ഉല്ലാസ ഗണിതത്തിലെ (സ്റ്റാൻഡേർഡ് 1,2)<br><br>പഠന സാമഗ്രികൾ<br>രക്ഷിതാക്കൾക്ക് പഠന സാമഗ്രികൾ പരിചയപ്പെടുത്തി സമാന സാധ്യതകൾ ഗണിത കിറ്റിലേക്ക് തയ്യാറാക്കുന്നു.<br><br>ട്രൈ ഔട്ട് ശിൽപശാല നടത്തുന്നു. ഗണിത കിറ്റിലെ പഠനോപകരണങ്ങൾ.<br>(ഗെയിം ബോർഡ്, സംഖ്യാ കാർഡ്, ചിത്ര കാർഡ് ടോക്കൺ, മഞ്ചാടി കമ്പ് കെട്ട്, എന്നിവ ഗണിതാശയ രൂപീകരണത്തിന് അധ്യാപിക ക്ലാസിൽ ചെയ്തത്.<br>വീഡിയോ തയ്യാറാക്കി രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഇടുന്നു.<br>സമാന പ്രവർത്തനങ്ങൾ രക്ഷിതാക്കൾ കുട്ടികളെ ഉപയോഗിച്ച് ചെയ്യുന്നു. | ജൂൺ, ജൂലൈ, ആഗസ്ത് ആദ്യ വാരം വരെ | | |
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം.<br>കുസൃതി ചോദ്യങ്ങളും ഗണിത പസിലുകളും<br>ഗണിത കളികളിലൂടെ ഗണിത ശേഷി വളർത്തിയെടുക്കൽ<br>വിവിധ തരത്തിലുള്ള ഗണിത കളികളിലൂടെ ഗണിത പഠനം എളുപ്പമാക്കുന്നു. രസകരമാക്കുന്നു.<br>ഗണിത കളികളിലൂടെ ഗണിത ശേഷി | ആഗസ്ത്, സെപ്തംബർ, ഒക്ടോബർ ആദ്യവാരം | | |

| | | | | |
|---|---|---|---|---|
| | വളർത്തിയെടുക്കൽ<br>വിവിധ തരത്തിലുള്ള ഗണിത കളികളിലൂടെ ഗണിത പഠനം എളുപ്പമാക്കുന്നു. രസകരമാക്കുന്നു | | | |
| ഗണിത രൂപങ്ങളെക്കുറിച്ചുള്ള ധാരണ വളർത്തിയെടുക്കൽ | ത്രികോണം, വൃത്തം, ചതുരം എന്നീ രൂപങ്ങളെക്കുറിച്ചുള്ള അടിസ്ഥാന ധാരണ വളർത്തിയെടുക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>രൂപങ്ങൾ വരയ്ക്കൽ<br>രൂപങ്ങൾ വരയ്ക്കുന്നു. സമാന രൂപ സാദൃശ്യമുള്ള വസ്തുക്കൾ പരിചയപ്പെടുന്നു. കണ്ടെത്തുന്നു. | ഒക്ടോബർ, നവംബർ, ഡിസംബർ ആദ്യ വാരം | | |
| സ്ഥാനവില ഉറപ്പിക്കൽ<br><br>ഗുണന ക്രിയകൾ മനസ്സിലാക്കൽ | സ്ഥാനവില ഉറപ്പിക്കൽ<br>വിവിധ തരം കളികളിലൂടെ സ്ഥാനവില ഉറപ്പിക്കുന്നു.<br>സ്ഥാനവില പോക്കറ്റ്<br>സ്ഥാനവില പോക്കറ്റ് നിർമ്മിക്കുന്നു. സംഖ്യാ കാർഡുകൾ ഉപയോഗിച്ചാലും സ്ഥാനവില പോക്കറ്റുകൾ ഉപയോഗിച്ചും സ്ഥാനവില പഠിപ്പിക്കുന്നു.<br>ചെറിയ ചെറിയ ഗുണിത ക്രിയകളിലൂടെ ഗുണനം മനസ്സിലാക്കുന്നു. പരിചയപ്പെടുന്നു. | ഡിസംബർ, ജനുവരി<br><br>ഫെബ്രുവരി, മാർച്ച് | | |

# ACADEMIC

## MASTER PLAN

# ENGLISH

## CLASS -2

| AIM | ACTIVITIES | TIME | RESPONSIBILITY | FUND |
|---|---|---|---|---|
| To speak, Read & write English without any mistakes | Pre test to check the vocabulary and writing skill of pupils | June to March | Class Teacher | PTA |
| To develop listening skills &reading skills | **Listening skills**<br>1 Games, Action songs Hello English activities<br>2 Conversations, Skit, Stories use ICT speaking skills<br><br>1 Identity the naming word from the picture<br>2 Identify the action words from the same pictures<br>3 Make simple sentence using the action word and naming words about the picture<br>4 Make simple description about the picture<br>5 Growing sentences , picture reading , self introduction assembly are also conducted<br>**Activities**: Speech book review quiz riddles, self introduction, school radio etc.. | June-July | Class Teacher | PTA |

| | | | | |
|---|---|---|---|---|
| Develop the creative speaking and writing | **Reading Skills**<br>1 news paper reading, library books reading, book review, reading breaking news<br>2 Find words<br>3 Collect and read past tense<br>4 Rhyming words<br>5 Describing words etc..<br>6 Text book activities<br><br>**Writing Skills**<br>1 Make word club<br>2 Picture descriptions with describing words<br>3 Word chain sentences chain<br>4 Make words &sentences<br>5 Make riddles conversations<br>6 Add more lines<br>**Activities**: Speech, Book review, quiz, riddles, self introduction. School reading, makes description magazines etc... | August to September | Class Teacher | PTA |
| To express thoughts feelings etc.. | **Reading Skill**<br>1 News paper reading, library books | October and | Class Teacher | PTA |

| | | | | |
|---|---|---|---|---|
| | reading, book review, reading<br>2 Conversations, skit stories use ICT materials<br>3 Read breaking news<br>4 Develop story<br>5 Read Notice<br>6 Read letters from friends<br>Writing Skills<br>1 Descriptions<br>2 Notice proclamation<br>3 Thought<br>**Activities**-Speech quiz, riddles, school radio, makes magazines, Skits etc.. | November | | |
| Develop the creative speaking and writing to express thoughts feelings etc.. | **Reading Skills**<br>1 News paper reading, library books reading, book review, reading<br>2 Conversations skit stories use ICT materials<br>3 Reads breaking news<br>4 Develop Story<br>5 Reads clearly<br>6 Reads letters from friends<br>**Writing Skills**<br>1 Diary<br>2 Letters | December and January | Class Teacher | PTA |

| | | | | |
|---|---|---|---|---|
| | 3 Announcement<br>**Activities**-Speech quiz, riddles, school radio, makes magazines, Skits, Class room post office etc.. | | | |
| To Improve the presentation power | **Reading Skills**<br>1 News paper reading, library books reading, book review, reading<br>2 Conversations, skit stories use ICT materials<br>3 Reads breaking news<br>4 Develop Story<br>5 Reads diary<br>6 Reads letters from friends<br>**Writing Skills**<br>1 Diary<br>2 Letters<br>3 Announcement<br>4 Descriptions<br>6 Thought<br>**Activities**-Speech quiz, riddles, school radio, makes magazines, Skits, Class room post office Exhibition etc.. | February and March | Class Teacher | PTA |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## ക്ലാസ്: മൂന്ന്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന്

വിഷയം: പരിസര പഠനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ- ആഗസ്ത് | | |
| 2 | പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് തടയണ മഴക്കുഴി നിർമ്മാണം, ജല സ്ത്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | സെപ്തംബർ- ഡിസംബർ | PTA<br>SRG | |
| 3 | ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | ജനുവരി- ഫെബ്രുവരി | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന് വിഷയം: ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ➢ പ്രീ ടെസ്റ്റ്<br>➢ ഒറിഗാമി ശിൽപ്പശാല<br>➢ ചതുരം വട്ടം ത്രികോണം, എന്നിവ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ<br>➢ തോരണം നിർമാണം, തോണി നിർമാണം(കളർ A4 )<br>➢ ചതുരം വട്ടം , ത്രികോണം, എന്നി രൂപങ്ങൾ ചേർത്തു വെച്ച ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമിക്കുന്നു | ജൂൺ- ജൂലൈ | ഗണിത അധ്യാപകർ | |
| | ഗണിതം ലളിതമാക്കാം കളികളിലൂടെ<br><br>മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി നേടൽ | ➢ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ<br><br>➢ ഗണിത ശിൽപ്പശാല ഓരോ കുട്ടികൾക്കും കണക്കു പ്പെട്ടി<br>➢ 1 മുതല് 100 വരെ എഴുതുയ ടോക്കൺ<br><br>കളിനോട്ടുകൾ ഓരോ നോട്ടുകളും പത്തെണ്ണം വീതം, കമ്പ് കെട്ടുകൾ, സംഖ്യ സ്ലിപ്പുകൾ, അബാകസ് നിർമാണം. | വർഷം മുഴുവൻ<br><br>ആഗസ്ത്- സെപ്തംബർ | ഗണിത അധ്യാപകർ | |
| | നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയ പ്പെടുത്തുന്നതിന് അവസരം ഒരുക്കൽ | സ്കെയിൽ നിർമ്മാണം, കുട്ടുകളുടെ ഉയരം, വണ്ണം ക്യാമ്പ | ഒക്ടോബർ നവംബർ | ഗണിത അധ്യാപിക SRG | |
| | ഗുണന വസ്തുക്കൾ സംബന്ധിച്ച ധാരണ കൈവരിക്കൽ | ഗുണന വസ്തുത കരട് നിർമ്മാണം | ഡിസംബർ ജനുവരി | ഗണിത അധ്യാപിക | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന്

വിഷയം: മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും പഠിപ്പിക്കൽ | ➢ പ്രീ ടെസ്റ്റ് നടത്തുന്നു<br>➢ വിവിധ നിലവാരക്കാരെ കണ്ടെത്തൽ- ക്ലാസ് പി ടി എ മീറ്റിംഗ്<br>➢ അക്ഷര കാർഡുകള് തയ്യാറാക്കൽ<br>➢ അക്ഷര കാർഡുകള് ഉപയോഗിച്ച് മത്രുകപോലെ പൂരിപ്പിക്കൽ<br>➢ പദകാർഡുകള് തയ്യാറാക്കൽ | ജൂൺ | മലയാളം അധ്യാപകർ | |
